പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4581 26.10.2016-ൽ മറുപടിയ്ക്ക്

## കോങ്ങാട് പാമ്പൻതോട് എസ്.റ്റി കോളനി സമഗ്രവികസന പദ്ധതി

ചോദ്യം
ശ്രീ.കെ.വി.വിജയദാസ്

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ
മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് എസ്.റ്റി കോളനിയുമായി ബന്ധപ്പെട്ട സമഗ്രവികസന പദ്ധതി നടപ്പാക്കാതെ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പട്ടിക വർഗ്ഗ വികസന വകുപ്പിലെ ബന്ധപ്പെട്ട ഫയലുകൾ വിളിപ്പിച്ച് പരിശോധന നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ; | എ) | 2016-17 വർഷത്തെ ഹാംലറ്റ് വികസന പദ്ധതിയിൽ പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയും ഉൾപ്പെടുത്തുന്നതിന് പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ശുപാർശ ലഭ്യമായിട്ടുണ്ട്. ഈ വർഷം പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയും പരിഗണിക്കുന്നതാണ്. |
| ബി) | പ്രസ്തുത കോളനിയിലേയ്ക്ക് ഒരു റോഡ് നിർമ്മിക്കുന്നതിനു പോലും വകുപ്പിൽ നിന്ന് അനാസ്ഥ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| സി) | അടിയന്തരമായി പ്രസ്തുത കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | പാമ്പൻതോട് കോളനി റോഡ് നിർമ്മാണം നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതിയ്ക്കായി മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ